കെ. എസ്. ആർ. ടി. സി.യിലെ പണിമുടക്ക്

*84 [89] ശ്രീമതി റേച്ചൽ സണ്ണി പനവേലി:

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കെ. എസ്. ആർ. ടി. സി.യിൽ കഴിഞ്ഞ വർഷം ഒക്ടോബറിൽ ഉണ്ടായ പണിമുടക്കിന്റെ ഒത്തു തീർപ്പു വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു;

(ബി) അവ പൂർണ്ണമായും നടപ്പിലാക്കിയോ;

(സി) ഇല്ലെങ്കിൽ അവ നടപ്പിലാക്കാതിരിക്കാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ;

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ):

(എ) ഒത്തുതീർപ്പു വ്യവസ്ഥകൾ താഴെപ്പറയുന്നു.

(1) 18-9-1985-ലെയും 5-10-1985-ലെയും ട്രാൻസ്പോർട്ട് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചകളുടെ മിനിട്സിലെ വ്യവസ്ഥകൾ ഗവൺമെന്റ് നടപ്പിലാക്കികൊണ്ടിരിക്കുകയാണ്.

(2) 18-9-1985-ലെ മിനിട്സിലെ 5, 7 വ്യവസ്ഥകൾ വകുപ്പു മന്ത്രി പരിശോധിച്ചു പരിഹരിക്കുവാനുള്ള തീയതി 30-10-1985 വരെ നീട്ടുന്നതാണ്.

(3) ദീർഘകാല കരാറിനെക്കുറിച്ചുള്ള ചർച്ച ഉടനെ ആരംഭിക്കുന്നതാണ്.

(4) പണിമുടക്കിൽ പങ്കെടുത്തതിന്റെ പേരിൽ പ്രതികാര നടപടികൾ ഒന്നും എടുക്കുന്നതല്ല.

(ബി), (സി) ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്.

പ്രൈവറ്റ് ബസ് കണ്ടക്ടർസിന്റെ ലൈസൻസിനാവശ്യമായ വിദ്യാഭ്യാസ യോഗ്യത

*85 [90] ശ്രീ. കെ. കൃഷ്ണൻകുട്ടി:

,, സി. കെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റ് ബസ് കണ്ടക്ടർസിന്റെ ലൈസൻസിനാവശ്യമായ വിദ്യാഭ്യാസയോഗ്യതയും മറ്റു വിവരങ്ങളും വ്യക്തമാക്കാമോ;

(ബി) പ്രൈവറ്റ് ബസ്സുകളിലെ കണ്ടക്ടർമാർക്ക് ലൈസൻസ് നേടാൻ വേണ്ട വിദ്യാഭ്യാസയോഗ്യത നിർണ്ണയിച്ചു കൊണ്ടുള്ള പുതിയ ഉത്തരവുകൾ എന്തെങ്കിലും അടുത്ത കാലത്ത് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly